8285
13/7/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യസുരക്ഷാ മിഷൻ - താലോലം പദ്ധതിയുടെ തുടർ നടത്തിപ്പിന് ഭരണാനുമതിയും ബഡ്ജറ്റ് വിഹിതവും അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(ആർ.റ്റി) നം.399/2015/സാനീവ. തീയതി, തിരുവനന്തപുരം, 23.06.2015

=====================================================================

പരാമർശം : കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.04.2015 ലെ പി2/317/2012/കെ.എസ്.എസ്.എം (1) നമ്പർ കത്ത്.

ഉത്തരവ്

പതിനെട്ടുവയസ്സിനു താഴെ പ്രായമുള്ള മാരകരോഗബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ തുടർ നടത്തിപ്പിനായി 2015 - 16 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72(05)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 7/- കോടി രൂപ (ഏഴ് കോടി രൂപ മാത്രം) കേരള സാമൂഹ്യ സുരക്ഷ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 15146 - ൽ നിക്ഷേപിക്കുന്നതിന് പരാമർശം കത്തു പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താലോലം പദ്ധതിയുടെ തുടർ നടത്തിപ്പിലേയ്ക്കായി ഭരണാനുമതി നൽകിയും 2015 - 16 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72(05)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 7/- കോടി രൂപ (ഏഴ് കോടി രൂപ മാത്രം) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 15146 ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ. ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ